**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4236** **18-07-2022 - ൽ മറുപടിയ്ക്ക്**

**കല്ലേപ്പുള്ളി മോഡേൺ റൈസ് മില്ലിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് കല്ലേപ്പുള്ളി മോഡേൺ റൈസ് മില്ലിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | പാലക്കാട് കല്ലേപ്പുള്ളി മോഡേൺ റൈസ് മില്ലിന്റെ 80 ശതമാനം ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത മില്ലിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കും; | (ബി) | 2022 ഡിസംബർ മാസത്തിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത മില്ലിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഇനി മറ്റേതെല്ലാം വകുപ്പുകളിൽ നിന്നല്ലാമാണ് അനുമതി ലഭിക്കേണ്ടത്; | (സി) | കേരള സംസ്ഥാന വൈദ്യുതി ബോർഡ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഫയർ ആന്റ് സേഫ്റ്റി, ഫാക്ടറി ആന്റ് ബോയിലേർസ്സ്, ഗ്രാമ പഞ്ചായത്ത് (കാവശ്ശേരി) എന്നിവിടങ്ങളിൽ നിന്ന് അനുമതി ലഭിക്കേണ്ടതുണ്ട്. |
| (ഡി) | പ്രസ്തുത മില്ലിലെ നിയമനങ്ങൾ എസ്.സി.വിഭാഗത്തിലെ ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം നിയമനം നടത്തണമെന്ന വ്യവസ്ഥ നിലനിൽക്കേ മറ്റ് വിഭാഗങ്ങളെ കൂടെ പരിഗണിക്കണമെന്നത് സംബന്ധിച്ച പ്രൊപ്പോസൽ കെൽപാം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ